## കേരള സുസ്ഥിര നഗര വികസന പദ്ധതി

# പൗരാവകാശരേഖ

(കരട്)

# ആമുഖം

കേരള സർക്കാർ ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 1422.47 കോടി രൂപയുടെ വികസന പദ്ധതിയാണ് കേരള സുസ്ഥിര നഗര വികസന പദ്ധതി. കേരളത്തിലെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലാണ് (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്) ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

നഗരങ്ങളിലെ ശുദ്ധജലവിതരണം, ഖരമാലിന്യ നിർമ്മാർജ്ജനം, സ്വിവറേജ്, റോഡുകളുടെ വികസനം, നഗരസാമൂഹ്യ വികസനം തുടങ്ങിയവയാണ് സുസ്ഥിര നഗര വികസന പദ്ധതിയിലെ മുഖ്യഘടകങ്ങൾ. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സേവനങ്ങളുടെ ശേഷി വർദ്ധിപ്പിക്കാനും സാമൂഹ്യ പങ്കാളിത്തത്തോടെയുള്ള സമീപനവുമാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

നഗര ജീവിത സൗകര്യങ്ങൾ, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ ദാരിദ്ര്യ ദുരിതമനുഭവിക്കുന്ന ജനവിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ഏറെക്കൂറെ ഈ പദ്ധതികൊണ്ട് പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിലെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലാണ് (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്) കേരള സുസ്ഥിര നഗര വികസന പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി കെ.എസ്.യു.ഡി.പി.ക്ക് എ.ഡി.ബി. 221.00 മില്ല്യൻ ഡോളറിന്റെ (995.4 കോടി രൂപ) വായ്പയാണ് അനുവദിച്ചിരിക്കുന്നത്.

തിരുവനന്തപുരം, കൊച്ചി എന്നീ കോർപ്പറേഷനുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ മിഷന്റെ (JnNURM) പ്രവർത്തനവുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സുരക്ഷിതമായ കുടിവെള്ള സംഭരണവും വിതരണവും, ഖര–ജല മാലിന്യങ്ങളുടെ ശാസ്ത്രീയമായ നിർമ്മാർജ്ജനം, നഗര ദാരിദ്ര്യ ലഘൂകരണം, ഗതാഗത യോഗ്യമല്ലാത്ത തെരഞ്ഞെടുക്കപ്പെട്ട റോഡുകളുടെ പുനരുദ്ധാരണം, ഇടുങ്ങിയ ജംഗ്ഷനുകളുടെ വീതികൂട്ടലും നവീകരണവും തുടങ്ങി നഗര പ്രദേശങ്ങളുടെ സമ്പൂർണ്ണവും സുസ്ഥിരവുമായ വളർച്ചയ്ക്ക് ഊന്നൽ നല്കുന്നതാണ് ഈ പദ്ധതി.

## കെ..എസ്.യു.ഡി.പി. ഓഫീസ് മുഖേന നടപ്പിലാക്കുന്ന സേവനങ്ങൾ

തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സേവനങ്ങളുടെ ശേഷി വർദ്ധിപ്പിക്കാനും സാമൂഹ്യ പങ്കാളിത്തത്തോടെയുള്ള സമീപനമാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു.

**പദ്ധതിയുടെ ഘടകങ്ങൾ**

***പാർട്ട് എ: നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സേവനങ്ങളും***

ഈ അടിസ്ഥാന സൗകര്യങ്ങളിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തിയിരിക്കുന്നു.

1. ശുദ്ധജലവിതരണം – 127.17 കോടി രൂപ
2. സ്വിവറേജ് & സാനിട്ടേഷൻ – 280.31 കോടി രൂപ
3. സ്റ്റോം വാട്ടർ ഡ്രെയിനേജ് – 83.65 കോടി രൂപ
4. ഖരമാലിന്യ നിർമ്മാർജ്ജനം – 32.94 കോടി രൂപ
5. റോഡുകളുടെ നവീകരണം – 126.31 കോടി രൂപ
6. ലാന്റ് അക്വിസിഷൻ – 6.53 കോടി രൂപ

വിവിധ നഗരസഭകളിലെ കെ.എസ്.യു.ഡി.പി. പദ്ധതികളുടെ അടങ്കൽ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

*(തുക കോടി രൂപയിൽ)*

| പ്രവൃത്തികൾ | തിരുവനന്തപുരം | കൊല്ലം | കൊച്ചി | തൃശൂർ | കോഴിക്കോട് | ആകെ |
|---|---|---|---|---|---|---|
| സ്വിവറേജ് | 77.25 | 52.70 | 92.79 | 0.75 | 56.84 | 280.31 |
| ഡ്രെയിനേജ് | 6.31 | 8.03 | 13.76 | 27.41 | 28.14 | 83.65 |
| റോഡ് നവീകരണം | 24.09 | 15.31 | 23.56 | 28.61 | 34.74 | 126.31 |
| ജലവിതരണം | 00 | 40.05 | 41.94 | 45.18 | 00 | 127.17 |
| ഖരമാലിന്യ സംസ്കരണം | 00 | 6.90 | 12.96 | 5.74 | 7.34 | 32.94 |
| ലാന്റ് അക്വിസിഷൻ | 00 | 6.53 | 00 | 00 | 00 | 6.53 |
| **ആകെ** | **107.65** | **129.52** | **185.01** | **107.69** | **127.06** | **656.91** |

***പാർട്ട് ബി: നഗര സാമൂഹ്യ വികസനം***

1. കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് – അടിസ്ഥാന ഘടകങ്ങളും സേവനങ്ങളും
– 45.00 കോടി രൂപ
2. പോവർട്ടി സോഷ്യൽ ഫണ്ട് – 56.25 കോടി രൂപ

***പാർട്ട് സി:*** തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയുള്ള ഫണ്ട് രൂപീകരണം (KLGDF) –243.50 കോടി രൂപ

***പാർട്ട് ഡി:*** നഗരസഭകളുടെ കാര്യശേഷി കെട്ടിപ്പടുക്കലും പദ്ധതി മാനേജ്മെന്റും
– 78.80 കോടി രൂപ

കേരള സുസ്ഥിര നഗര വികസന പദ്ധതിയിൽ ആകെ 91 പാക്കേജുകളാണ് ഉൾപ്പെടുത്തിയരിക്കുന്നത്. ഇതിൽ 83.28 കോടി രൂപയുടെ 19 പാക്കേജുകൾ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. മറ്റു പാക്കേജുകളുടെ സ്ഥിതി വിവരം അനുബന്ധം 3–ൽ ചേർത്തിട്ടുണ്ട്.

2011 ജൂൺ വരെ ആകെ 314 കോടി രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. നാളിതു വരെ 16.11 കോടി രൂപ കമ്മിറ്റ്മെന്റ് ചാർജ് ഉണ്ടായിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷനിൽ STP നിർമ്മാണവുമായി ബന്ധപ്പെട്ടും തൃശൂർ/ തിരുവനന്തപുരം കോർപ്പറേഷനിലെ റോഡ് പുനരുദ്ധാനരണ പ്രവർത്തനങ്ങളിൽ കരാറുകാരനും, കൺസൾട്ടന്റും തമ്മിലുള്ള തർക്കങ്ങൾമൂലം പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാ

യിട്ടുണ്ട്. കൂടാതെ തൃശൂരിലെ ലാലൂരിൽ ഖരമാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് പൊതു ജനങ്ങളിൽ നിന്ന് എതിർപ്പ് ഉണ്ടായതിന്റെ ഫലമായും കാലതാമസം നേരിട്ടിട്ടുണ്ട്.

ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധതലത്തിൽ ചർച്ചകൾ നടത്തി പരിഹാരം കാണുകയും, സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു.

## ഭൗതിക നേട്ടങ്ങൾ

| | |
|---|---|
| **ഖരമാലിന്യ സംസ്ക്കരണം** (Solid Waste Management) | 1. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനും അവ ശേഖരിച്ച് സംസ്ക്കരിക്കുന്നതിനുമുള്ള സംവിധാനം.<br>2. പൊതുസ്ഥലങ്ങളിൽ ചവർ നിക്ഷേപിക്കുന്നതിന് വീപ്പകൾ സ്ഥാപിക്കൽ.<br>3. കൊല്ലം, കോഴിക്കോട്, തൃശ്ശൂർ നഗരങ്ങളിൽ സാനിറ്ററി ലാൻഡ് ഫിൽ സൗകര്യം വിപുലീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ.<br>• കൊല്ലത്ത് ഖര മാലിന്യ സംസ്കരണ പദ്ധതി പ്രവർത്തനങ്ങൾ – കമ്പോസ്റ്റ് പ്ലാന്റ്, ഇൻഫ്രാ സ്ട്രക്ചർ മുതലായവ പുരോഗമിച്ചു വരുന്നു.<br>• കൊച്ചി/കോഴിക്കോട് എന്നിവിടങ്ങളിൽ ഖര മാലിന്യ സംസ്കരണ പദ്ധതിക്കായി ഉപകരണങ്ങൾ, പ്രത്യേക തരം വാഹനങ്ങൾ എന്നിവ കെ.എസ്.യു.ഡി.പി. വഴി വാങ്ങി വരുന്നു.<br>• തൃശ്ശൂരിൽ ഖരമാലിന്യ സംസ്ക്കരണ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>• കോഴിക്കോട് ഖര മാലിന്യ സംസ്ക്കരണ പദ്ധതി 80% ജോലി പൂർത്തീകരിച്ചു. |
| അഴുക്കുചാൽ പദ്ധതി (Sewerage) | • തിരുവനന്തപുരം നഗരസഭയിൽ അഴുക്കുചാൽ പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.<br>• കൊല്ലം നഗരസഭയിൽ പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.<br>• കൊച്ചി, കോഴിക്കോട് നഗരസഭയിൽ അഴുക്കുചാൽ പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| **ജി.ഐ.എസ്–കെട്ടിട നികുതി മാപ്പിംഗ്** (GIS Based Property Tax Mapping | കേരള സുസ്ഥിര നഗര വികസന പദ്ധതിക്കു വേണ്ടി ഉയർന്ന റെസല്യൂഷൻ ഉള്ള ഡിജിറ്റൽ ഭൂപടം തയ്യാറാക്കുന്ന പ്രക്രിയയുടെ ഭാഗമായി തിരുവനന്തപുരത്തെ ഭൗമശാസ്ത്രപഠന കേന്ദ്രം (CESS) 1 :4000 സ്കെയിലിലുള്ള ബേസ് ഭൂപടം തയ്യാറാക്കുകയുണ്ടായി.<br><br>ഈ പദ്ധതിക്കായി ഭൗമവിവര വ്യവസ്ഥ (Geographical Information System - GIS) വിദഗ്ദ്ധർ ഉൾപ്പെട്ട ഒരു യൂണിറ്റ് സുസ്ഥിര നഗര വികസന പദ്ധതി ആസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ആഗോള സ്ഥാന നിർണ്ണയ സംവിധാനം (Global Positioning System -GPS), ജി.ഐ.എസ്. എന്നിവ ഉപയോഗിച്ച് ഇവിടെ റിമോട്ട് സെൻസിംഗ് ഡാറ്റായുടെ പ്രോസസിംഗും ഗ്രൗണ്ട് വാലിഡേഷനും നടത്തുന്നതാണ്.<br><br>അടിസ്ഥാന ഭൂപടം സൃഷ്ടിക്കുന്നതിനായി ഹൈദ്രാബാദിലുള്ള ദേശീയ റിമോട്ട് സെൻസിംഗ് ഏജൻസി വഴി ക്വിക്ക് ബേർഡ് ഉപഗ്രഹത്തിൽ നിന്നും ഉയർന്ന റെസല്യൂഷൻ ഉള്ള റിമോട്ട് സെൻസിംഗ് ഡാറ്റാ കരസ്ഥമാക്കുകയുണ്ടായി. പദ്ധതിയുടെ ഭാഗമായി വില്ലേജ് ഭൂപടങ്ങൾ (Cadastry) വാർഡുതലം വരെയുള്ള ഭരണപരമായ അതിരുകൾ, ജി.ഐ.എസ് ജാലകത്തിലേക്ക് സന്നിവേശിപ്പിച്ച് സംയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>• കേരളത്തിലെ അഞ്ചു നഗരസഭകളിലും ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്) ഉപയോഗിച്ച് കെട്ടിട നികുതി നിർണ്ണയിക്കുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>• നഗര തദ്ദേശ ഭരണസ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ എല്ലാ വസ്തുക്കളുടെയും വിശദവിവരങ്ങൾ ഈ സംവിധാനമുപയോഗിച്ച് |

| | |
|---|---|
| | രേഖപ്പെടുത്തും. ഇതിനുള്ള സോഫ്ട് വെയറും ഹാർഡ് വെയറും വാങ്ങിയിട്ടുണ്ട് |
| **ജലവിതരണം** | • കൊല്ലം നഗരത്തിൽ ജലവിതരണ പദ്ധതികളുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br>• കൊച്ചിയിൽ ജലവിതരണ പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.<br>• തൃശ്ശൂർ നഗരസഭയിൽ ജലവിതരണ ശുദ്ധീകരണ പ്ലാന്റിന്റെയും പീച്ചി മുതൽ ചെമ്പു കാവു വരെ പൈപ്പ് ഇടുന്നതിന്റെയും പണി നടന്നു വരുന്നു. |
| **സ്റ്റോം വാട്ടർ ഡ്രെയിനേജ്** | • തിരുവനന്തപുരം നഗരസഭയിൽ സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി വരുന്നു.<br>• കൊല്ലം നഗരസഭയിൽ സ്റ്റോം വാട്ടർ ഡ്രെയിനേജ് ഘട്ടം 1 ന്റെയും 2 ന്റെയും പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br>• കൊച്ചി, കോഴിക്കോട്, തൃശ്ശൂർ നഗരസഭകളിൽ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. |
| **നഗരത്തിലെ റോഡുകളും ഗതാഗതവും** (Urban Roads and Transportation) | • തിരുവനന്തപുരത്ത് 12.3 കോടി രൂപയുടെ റോഡ് വിപുലീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>• കൊല്ലത്ത് 19.71 കോടി രൂപയുടെ റോഡ് വിപുലീകരണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.<br>• കൊച്ചിയിൽ എസ്.എ. ബ്രിഡ്ജിന്റെ പ്രവൃത്തി 80% പൂർത്തീകരിച്ചു കഴിഞ്ഞു. ഇടപ്പള്ളി റോഡ് പ്രവൃത്തിയും കൂടാതെ 3.5 കോടി രൂപയുടെ റോഡ് വിപുലീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. എസ്സ്. എ. റോഡിന്റെ പണിയും അവസാന ഘട്ടത്തിലാണ്.<br>• തൃശ്ശൂരിൽ 28.27 കോടി രൂപയുടെ ഗതാഗത വിപുലീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.<br>• കോഴിക്കോട് നഗര ഗതാഗത വികസനത്തിന് 39.02 കോടി രൂപയുടെ പദ്ധതി പ്രവർത്തനം പുരോഗമിച്ചു വരുന്നു. അരയിടത്തു പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് 2010 ജനുവരി 1–ന് ഗതാഗതത്തിന് തുറന്ന് കൊടുത്തു. |
| **പരിശീലനം / കാര്യശേഷി വികസനം** (Training & Capacity Building) | • ഏഴു നഗരഭരണ പ്രദേശങ്ങളിൽ (അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലും ആലപ്പുഴ, തലശ്ശേരി മുനിസിപ്പാലിറ്റികളിലും) പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള (ഉത്ഭവഘട്ടത്തിൽ തന്നെ കണക്കുരേഖപ്പെടുത്തുന്ന രീതി) ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തി. ഇപ്പോൾ കണ്ണൂർ നഗരസഭയിലും ഈ സംവിധാനം നടപ്പിലാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.<br>• കേരള മുനിസിപ്പൽ അക്കൗണ്ടിംഗ് നിയമം 2007 സർക്കാർ വിജ്ഞാപനം വഴി പുറത്തിറക്കി (30.3.2007–ലെ ജി.ഒ.(പി) 100/07/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവ്)<br>• കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ പ്രസിദ്ധീകരിച്ചു (17.5.2007–ലെ ജി.ഒ.(എം.എസ്) 130/07/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവ്)<br>• സ്ഥാവര വസ്തുക്കളുടെ മൂല്യനിർണയത്തിനുള്ള മാർഗ്ഗരേഖ പുറത്തിറക്കി. മൂല്യ നിർണ്ണയ പ്രക്രിയ പൂർത്തിയായി വരുന്നു.<br>• കേരള മുനിസിപ്പൽ ആഡിറ്റ് മാന്വൽ, കേരള ബഡ്ജറ്റ് മാന്വൽ എന്നിവ തയ്യാറാക്കിയിട്ടുണ്ട്.<br>• മുനിസിപ്പൽ കോർപ്പറേഷനുകളിലെ ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം "പൊതുജന സൗഹൃദ"മാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത കേന്ദ്രങ്ങളിലെ ജീവനക്കാർക്കായി മനോഭാവ മാറ്റത്തിനുള്ള (Attitudinal Change) പരിശീലനം രൂപപ്പെടുത്തുകയും രണ്ട് ബാച്ചുകളിലായി 38 ജീവനക്കാർക്ക് പ്രസ്തുത പരിശീലനം ലഭ്യമാക്കുകയും ചെയ്തു.<br>• നഗരങ്ങളിൽ നടപ്പാക്കി വരുന്ന ബസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം (Bus Rapid Transit System) കണ്ടു പഠിക്കുന്നതിനും അത് |

| | |
|---|---|
| | പ്രാവർത്തികമാക്കുന്നതിനുമായി തിരുവനന്തപുരം നഗരസഭയിലെ മേയർ, ഡപ്യൂട്ടി മേയർ, നഗരസഭ സെക്രട്ടറി, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കെ.എസ്.യു.ഡി.പി./കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ തുടങ്ങിയ 8 പേരുടെ സംഘത്തിന് മദ്ധ്യപ്രദേശിലെ ഇൻഡോർ മുനിസിപ്പൽ കോർപ്പറേഷനിലേക്ക് ഒരു പഠനയാത്ര സംഘടിപ്പിക്കുകയുണ്ടായി.<br>• കോർപ്പറേഷനുകളിലും ആലപ്പുഴ, തലശ്ശേരി മുനിസിപ്പാലിറ്റികളിലും അക്കൗണ്ടിംഗ് ഓപ്പറേഷന് ഇൻഫർമേഷൻ കേരള മിഷന്റെ സാംഖ്യാ (Saankhya) സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് 25/03/2011–ലെ 81/2011/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതിയായിട്ടുണ്ട്. |
| **സാമൂഹിക അടിസ്ഥാന സൗകര്യവികസനം** (Community Infrastructure Development)<br><br>**1. സി.ഐ.എഫ്.** | 1. അംഗനവാടികളുടെ നിർമ്മാണവും പുനരുദ്ധാരണവും<br>2. പൊതുജനാരോഗ്യ കേന്ദ്രങ്ങൾ/ഡിസ്പെൻസറികളുടെ നിർമ്മാണവും പുനരുദ്ധാരണവും<br>3. സാനിട്ടേഷൻ സൗകര്യം നിലവിലില്ലാത്ത സ്കൂളുകളിൽ അവയുടെ വികസനം<br>4. വഴിയോര കച്ചവടക്കാർക്ക് വൃത്തിയുള്ള ചുറ്റുപാടുകൾ പ്രദാനം ചെയ്യുക.<br>5. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ അന്യസംസ്ഥാന തൊഴിലാളികൾക്ക് രാത്രികാല താമസസൗകര്യം ഏർപ്പെടുത്തുക<br>6. തീരപ്രദേശങ്ങളിലും ചേരികളിലും മത്സ്യത്തൊഴിലാളികൾക്ക് താല്ക്കാലിക ശേഖരണം സംവിധാനം<br>7. തെരുവു കുട്ടികളുടെ പുനരധിവാസം, അഗതി പുനരധിവാസ കേന്ദ്രം, വയോജന കേന്ദ്രങ്ങൾ തുടങ്ങിയവ ആരംഭിക്കുക. |
| 2. പി.എസ്.എഫ്. | 1. നഗര പ്രദേശങ്ങളിലെ മാർക്കറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുക.<br>2. അതത് മേഖലകളിൽ തൊഴിലധിഷ്ഠിത പരിശീലനവും പ്ലേസ്മെന്റ് സർവ്വീസും<br>3. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു.<br>4. തയ്യൽ പരിശീലനം, ഡ്രൈവിംഗ്, ആഭരണ നിർമ്മാണം, പാചകം മുതലായ മേഖലകളിൽ തൊഴിൽ പരിശീലനം പൂർത്തിയാക്കി. |
| **കെ. എൽ. ജി. ഡി. എഫ്** | • 1963 ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് അമന്റ് ചെയ്തുകൊണ്ട് ഫണ്ട് രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് പാസ്സാക്കിക്കൊണ്ട് 30.01.10 ലെ 1350/ലെജി.സി 1/2010/നിയമം, പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br>• KURDFC – യുടെ due diligence നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് |
| **ബി.പി.എ.എം.എസ്** | • കെട്ടിട നിർമ്മാണങ്ങൾക്ക് പെർമിറ്റ് നൽകുന്നതിനും കെട്ടിട നമ്പർ നൽകുന്നതിനുമുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനു വേണ്ടി നടപ്പാക്കിയ ബിൽഡിംഗ് പെർമിഷൻ ആപ്ലിക്കേഷൻ മാനേജ്മെന്റ് സോഫ്റ്റ്വെയർ തിരുവനന്തപുരം നഗരസഭയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി കഴിഞ്ഞു. മറ്റ് നഗരസഭകളിൽ സോഫ്റ്റ് വെയർ ഇൻസ്റ്റാലേഷൻ കഴിയുകയും ജീവനക്കാർക്കുള്ള പരിശീലനം നടന്നു വരുന്നു. |

നഗരഭരണ പ്രദേശങ്ങളിലെ അക്കൗണ്ടിംഗ് ചിട്ടപ്പെടുത്തുന്നതിനായി കേരള മുനിസിപ്പൽ അക്കൗണ്ടിംഗ് മാന്വൽ പ്രസിദ്ധീകരിച്ചു

നഗരഭരണ പ്രദേശങ്ങളിലെ ആഡിറ്റും ബഡ്ജറ്റും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് കേരള മുനിസിപ്പൽ ആഡിറ്റ് മാന്വലും കേരള ബഡ്ജറ്റ് മാന്വലും തയ്യാറാക്കിയിട്ടുണ്ട്.

മുനിസിപ്പൽ കോർപ്പറേഷനുകളിലെ ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം "പൊതുജന സൗഹൃദ"മാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത കേന്ദ്രങ്ങളിലെ 76 ജീവനക്കാർക്ക് മനോഭാവമാറ്റത്തിനുള്ള (Attitudinal Change) പരിശീലനം ലഭ്യമാക്കി

നഗരങ്ങളിലെ ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിനായി മദ്ധ്യപ്രദേശിലെ ഇൻഡോർ മുനിസിപ്പൽ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന രാജ്യത്തെ ഉദാത്തമാതൃകയായ ആധുനിക ബസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം (Bus Rapid Transit System) കണ്ടു പഠിക്കുന്നതിനായി തിരുവനന്തപുരം നഗരസഭയിലെ മേയർ ഉൾപ്പെടെയുള്ള ഭരണാധികാരികൾക്ക് പഠനയാത്ര സംഘടിപ്പിക്കുകയുണ്ടായി.

നഗരഭരണമേഖലയിൽ സിംഗപ്പൂരും കേരളവും സഹകരിച്ച് പ്രവർത്തിക്കുന്നതിനായുള്ള റൗണ്ട് ടേബിൾ കോൺഫറൻസ് 2010 മേയിൽ സിംഗപ്പൂരിൽ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത റൗണ്ട് ടേബിൾ കോൺഫറൻസിൽ തദ്ദേശസ്വയം ഭരണവകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ള 15 അംഗ ഉദ്യോഗസ്ഥ സംഘം പങ്കെടുത്തു.

നഗരാസൂത്രണം, ആസ്തി–വിഭവ–പരിപാലനം, വാട്ടർ ഫ്രണ്ട് മാനേജ്മെന്റ്. ഖരമാലിന്യ പരിപാലനം, കുടിവെള്ള വിതരണം എന്നീ മേഖലകളിൽ സംസ്ഥാനത്തെ നഗരസഭകളിലേയും നഗരാസൂത്രണ വകുപ്പിലെയും കേരള വാട്ടർ അതോറിറ്റിയിലേയും സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് സിംഗപ്പൂരിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹകരണത്തോടെ 8 പരിശീലനങ്ങൾ തിരുവനന്തപുരത്തും കോഴിക്കോടും വച്ചു സംഘടിപ്പിക്കുകയുണ്ടായി.

1. **<u>സാമൂഹിക അടിസ്ഥാന സൗകര്യവികസനം</u>**

   a) **സി.ഐ.എഫ്:** അംഗനവാടികളുടെ നിർമ്മാണവും പുനരുദ്ധാരണവും, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ/ ഡിസ്പെൻസറികളുടെ നിർമ്മാണവും പുനരുദ്ധാരണവും, സാനിട്ടേഷൻ സൗകര്യം നിലവിലില്ലാത്ത സ്കൂളുകളിൽ അവയുടെ വികസനം, വഴിയോര കച്ചവടക്കാർക്ക് വൃത്തിയുള്ള ചുറ്റുപാടുകൾ പ്രദാനം ചെയ്യുക, സന്നദ്ധ സംഘടനകളുടെ സഹായത്തോടെ അന്യസംസ്ഥാന തൊഴിലാളികൾക്ക് രാത്രികാല താമസസൗകര്യം ഏർപ്പെടുത്തുക, തീരപ്രദേശങ്ങളിലും ചേരികളിലും മത്സ്യത്തൊഴിലാളികൾക്ക് താല്ക്കാലിക ശേഖരണം സംവിധാനം, തെരുവു കുട്ടികളുടെ പുനരധിവാസം, അഗതി പുനരധിവാസ കേന്ദ്രം, വയോജന കേന്ദ്രങ്ങൾ തുടങ്ങിയവ ആരംഭിക്കുക, തുടങ്ങി യവയാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. അഞ്ച് നഗരസഭകളിലായി 323 ഡി.പി.ആർ തയ്യാറാക്കുകയും 179 പ്രവർത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 144 പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ഇതിലേക്കായി നാളിതുവരെ 33.50 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്

b) **പി.എസ്.എഫ്.**: നഗര പ്രദേശങ്ങളിൽ അധിവസിക്കുന്ന ദരിദ്രരുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായാണ് ഈ തുക ഉപയോഗിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലും വരുമാനദായകമായ സ്വയം തൊഴിൽ പദ്ധതികളിലൂടെ സാമ്പത്തിക സ്വയം പര്യാപ്തതയിലേക്ക് ഉയർത്തുവാനുള്ള പ്രവർത്തങ്ങളിലുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കുന്നത്. അഞ്ച് നഗരസഭകളിലായി നാളിതുവരെ 3.56 കോടി രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്

2. **കെ. എൽ. ജി. ഡി. എഫ്** 1963 ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് അമന്റ് ചെയ്തുകൊണ്ട് ഫണ്ട് രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് പാസ്സാക്കിക്കൊണ്ട് 30.01.10 ലെ 1350/ലെജി.സി 1/2010/നിയമം, പ്രകാരം വിഞ്ജാപനം ചെയ്തിട്ടുണ്ട്.

   30.01.10 ലെ ജി.ഒ.(എം.എസ്) 64/10/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെ. എൽ. ജി. ഡി. എഫിന്റെ ഭാഗമായ ബോർഡ് ഓഫ് മാനേജ്മെന്റ് രൂപകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ബോർഡിന്റെ ആദ്യയോഗം 26.7.2010-ന് നടന്നു.

3. **ബി.പി.എ.എം.എസ്** കെട്ടിട നിർമ്മാണങ്ങൾക്ക് പെർമിറ്റ് നൽകുന്നതിനും കെട്ടിട നമ്പർ നൽകുന്നതിനുമുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനു വേണ്ടി നടപ്പാക്കിയ ബിൽഡിംഗ് പെർമിഷൻ ആപ്ലിക്കേഷൻ മാനേജ്മെന്റ് സോഫ്റ്റ്വെയർ എല്ലാ നഗരസഭകളിലും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി കഴിഞ്ഞു.

കെ.എസ്.യു.ഡി.പി. പദ്ധതികൾ അവലോകനം ചെയ്യുന്നതിന് ഒരു കോർഡിനേഷൻ കമ്മിറ്റിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

എല്ലാ നാലുമാസം കൂടുമ്പോഴും എ.ഡി.ബി.യും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പങ്കെടുക്കുന്ന TPRM (ട്രൈപാർട്ടിയേറ്റ് മീറ്റിംഗ്) കൂടുകയും പദ്ധതി അവലോകനം ചെയ്യുകയും ചെയ്യുന്നു. പ്രസ്തുത യോഗത്തിൽ അതത് വർഷങ്ങളിൽ തുടങ്ങേണ്ട പ്രവർത്തികളും ചെലവഴിക്കേണ്ട തുകയും നിശ്ചയിക്കാറുമുണ്ട്.

കൂടാതെ എല്ലാ മാസവും അഞ്ച് കോർപ്പറേഷനുകളിലെയും പദ്ധതി പ്രവർത്തനങ്ങൾ കെ,.എസ്.യു.ഡി.പി. തലത്തിൽ വിലയിരുത്താറുണ്ട്. പ്രസ്തുത മീറ്റിംഗിൽ പ്രോജക്ട് ഡയറക്ടറും, വകുപ്പ് സെക്രട്ടറിയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു.

## 2. ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.ടി – 80:10:10)

യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതി പ്രകാരം കുടിവെള്ളം, ഖരമാലിന്യ സംസ്ക്കരണം, സ്വിവറേജ് എന്നീ ഇനങ്ങളിലായി സംസ്ഥാനത്ത് 25 സ്കീമുകൾ 22 നഗരസഭകളിൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് 2010–11 സാമ്പത്തിക വർഷത്തിൽ 16920 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു. പ്രസ്തുത സ്കീമുകൾ നടപ്പിലാക്കുന്നതിലേയ്ക്കായി ഇതിൽ നിന്ന് 9044.01 ലക്ഷം രൂപ അനുവദിച്ചു കിട്ടുകയുണ്ടായി.

2010–11 ൽ പയ്യന്നൂർ മുനിസിപ്പാലിറ്റി നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതിയ്ക്ക് 1308 ലക്ഷം രൂപയും നോർത്ത് പരവൂർ മുനിസിപ്പാലിറ്റി വഴി നടപ്പാക്കിവരുന്ന ഖരമാലിന്യ സംസ്കരണ പദ്ധതിയ്ക്ക് 54.13 ലക്ഷം രൂപയും നൽകുകയുണ്ടായി. കൂടാതെ വടകര മുനിസിപ്പാലിറ്റി നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതിയ്ക്ക് 618.75 ലക്ഷം രൂപയും പുനലൂർ മുനിസിപ്പാലിറ്റിയുടെ ഖരമാലിന്യ സംസ്ക്കരണ പദ്ധതിയ്ക്ക് 108.45 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതികൾ നടപ്പിലാക്കിവരുന്ന മറ്റ് നഗരസഭകൾക്ക്, പദ്ധതി പുരോഗതിയുടെ അടിസ്ഥാനത്തിൽ അവ ആവശ്യപ്പെടുന്ന മുറയ്ക്ക് തുക അനുവദിച്ച് നൽകുന്നതാണ്.

## 3. കപ്പാസിറ്റി ബിൽഡിംഗ് ഫോർ അർബൻ ലോക്കൽ ബോഡീസ് (CBULB) – 100% ഗ്രാന്റ്

നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെ (കോർപ്പറേഷനുകൾ ഒഴികെ) ശേഷി വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര നഗര വികസന മന്ത്രാലയം ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "കപ്പാസിറ്റി ബിൽഡിംഗ് ഫോർ അർബൻ ലോക്കൽ ബോഡീസ് (CBULB)". 100 ശതമാനം ഗ്രാന്റായ ഈ പദ്ധതിയ്ക്ക് കേന്ദ്രസർക്കാർ സംസ്ഥാനത്തിന് **1103.50 ലക്ഷം** രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ പദ്ധതിയുടെ ആദ്യഗഡുവായി കേന്ദ്രസർക്കാർ 3,31,05,000 രൂപ 2010 മാർച്ച് 30–ന് അനുവദിച്ചു. 2010–11 സാമ്പത്തിക വർഷത്തിൽ ധനപുനർ വിനിയോഗം വഴി സംസ്ഥാന സർക്കാർ 3,31,05,000 രൂപ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി.യ്ക്ക് പദ്ധതി നടത്തിപ്പിനായി കൈമാറി.

CBULB പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതിയും സാമ്പത്തിക പുരോഗതിയും ചുവടെ ചേർക്കുന്നു.

**പ്രവർത്തന പുരോഗതി**

1. **നഗരസഭകളിലെ അക്കൗണ്ടിംഗ് പരിഷ്ക്കരണം**

   മുനിസിപ്പാലിറ്റികളിലെ അക്കൗണ്ടിംഗ് പരിഷ്ക്കരണം (ഡബിൾ എൻട്രി അക്കൗണ്ടിംഗ്) സമയബന്ധിതമായി നടപ്പിലാക്കുന്നതിന് CBULB പദ്ധതിയുടെ ഭാഗമായി ഒരു ടീം ലീഡറേയും മൂന്ന് ഡെപ്യൂട്ടി ടീം ലീഡർമാരേയും 7 അക്കൗണ്ട്സ് ഓഫീസർമാരേയും 43 അക്കൗണ്ട്സ് അസിസ്റ്റന്റുമാരെയും റിക്രൂട്ട് ചെയ്ത് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിച്ചിട്ടുണ്ട്. ഇവർക്ക് ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽ ഒരാഴ്ചത്തെ പരിശീലനത്തിനുശേഷം മുനിസിപ്പാലിറ്റികളിലെ

അക്കൗണ്ടിംഗ് പരിഷ്ക്കരണം നടപ്പിലാക്കുന്നതിനായി 2011 ഫെബ്രുവരിയിൽ നിയോഗിക്കുകയുണ്ടായി. ഈ അക്കൗണ്ടിംഗ് ടീം 43 മുനിസിപ്പാലിറ്റികളിലെ 2010 ഏപ്രിൽ മുതലുള്ള ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ ഡബിൾ എൻട്രി സമ്പ്രദായത്തിലൂടെ നടപ്പിലാക്കി വരുന്നു. കൂടാതെ 2011 ഏപ്രിൽ മുതലുള്ള കണക്കുകൾ ഈ മുനിസിപ്പാലിറ്റികളിൽ ഓൺ ലൈനായി ചെയ്തു തുടങ്ങിയിട്ടുണ്ട്.

2. **പൗരകേന്ദ്രീകൃത മുനിസിപ്പൽ സേവനവും പരിഷ്ക്കരണവും**

പൗരകേന്ദ്രീകൃത മുനിസിപ്പൽ സേവനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലേയും എഞ്ചിനീയർമാർക്കും ഹെൽത്ത് ഓഫീസർമാർക്കും പ്രസ്തുത നഗരസഭകളിലെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി എഞ്ചിനീയർമാർക്കും മൂന്നു പരിശീലന ശില്പശാലകൾ 2011 മാർച്ച് മാസത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഇതിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ നഗരസഭകളും ഖരമാലിന്യ സംസ്കരണം, കുടിവെള്ളം, ശുചിത്വപരിപാലനം, ഡ്രെയിനേജ് സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിലെ ഇപ്പോഴത്തെ സേവന വ്യവസ്ഥയും 2011 മാർച്ചിൽ ലക്ഷ്യം വയ്ക്കുന്ന സേവന വ്യവസ്ഥയും ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

3. **നഗരസഭാ പ്രതിനിധികൾക്കുള്ള പരിശീലനം**

പുതുതായി തെരഞ്ഞെടുക്കപ്പെട്ട കോർപ്പറേഷൻ മേയർമാർ/ഡെപ്യൂട്ടി മേയർമാർ/മുനിസിപ്പൽ ചെയർപേഴ്സൺമാർ/ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ/കൗൺസിലർമാർ തുടങ്ങി **1903** നഗരസഭാ പ്രതിനിധികൾക്ക് കിലയുടെ ആഭിമുഖ്യത്തിൽ നഗരഭരണം, മുനിസിപ്പൽ ആക്ട്, മുനിസിപ്പൽ ഫിനാൻസ്, വിവിധ ക്ഷേമപദ്ധതികൾ, കേന്ദ്രാവിഷ്കൃത നഗര വികസന പദ്ധതികൾ എന്നീ വിഷയങ്ങളിൽ മൂന്നു ദിവസത്തെ പരിശീലനം വീതം നല്കുകയുണ്ടായി

**സാമ്പത്തിക പുരോഗതി**

| *ക്രമ നമ്പർ* | *പ്രവർത്തനങ്ങൾ* | *ചെലവായ തുക (ലക്ഷത്തി )* |
|---|---|---|
| 1 | നഗരസഭകളിലെ അക്കൗണ്ടിംഗ് പരിഷ്ക്കരണം | 51.64 |
| 2 | പൗരകേന്ദ്രീകൃത മുൻസിപ്പൽ സേവനവും പരിഷ്ക്കരണവും | 1.06 |
| 3 | നഗരസഭ പ്രതിനിധികൾക്കുള്ള പരിശീലനം | 35.74 |
| | **ആകെ** | 88.44 |

2010-11ൽ CBULB പദ്ധതി നടത്തിപ്പിനായി സർക്കാർ കെ.എസ്.യു.ഡി.പി.ക്ക് അനുവദിച്ച 3,31,05,000/- രൂപയിൽ നാളിതുവരെ 88,44,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## 4. ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (JnNURM)

തിരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ഭരണപരിഷ്ക്കാര നടപടികളിലൂടെ അതിവേഗത്തിലുള്ള ആസൂത്രിത വികസനം ഉറപ്പു വരുത്തുകയാണ് ജെ.എൻ.എൻ. യു.ആർ.എം. ലക്ഷ്യമിടുന്നത്. നഗര പശ്ചാത്തല വികസനം, സേവന പ്രദാന സംവിധാനം എന്നിവയുടെ കാര്യക്ഷമത, സാമൂഹിക പങ്കാളിത്തം, നഗര തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ പൗരന്മാരോട് പുലർത്തേണ്ട ഉത്തരവാദിത്വം എന്നിവയാണ് മിഷന്റെ മുഖ്യ ഊന്നലുകൾ.

ജെ.എൻ.എൻ.യൂ.ആർ.എം. പദ്ധതിയിൽ തിരുവനന്തപുരം, കൊച്ചി നഗരസഭകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയുടെ പദ്ധതി ചെലവിൽ 80% തുക കേന്ദ്ര സഹായവും ബാക്കി 10% സംസ്ഥാന സർക്കാരും 10% തദ്ദേശസ്ഥാപനവും വഹിക്കേണ്ടതാണ്. കൊച്ചി നഗരസഭയുടെ പദ്ധതി ചെലവിൽ 50% കേന്ദ്രസഹായവും ബാക്കി 50% 30:20 എന്ന അനുപാതത്തിൽ തദ്ദേശഭരണ സ്ഥാപനവും സംസ്ഥാന സർക്കാരും വഹിക്കേണ്ടതാണ്. (സർക്കാർ ഉത്തരവ് (സാധാ) നം. 1092/2009/തസ്വഭവ തീയതി 08/05/2009 പ്രകാരം സംസ്ഥാന വിഹിതം 30% മായും നഗര തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം 20% ആയും നിജപ്പെടുത്തിയിട്ടുണ്ട്)

### മിഷൻ ഘടകങ്ങൾ

ദേശീയ നഗര പുനരുദ്ധാരണ മിഷനിൽ രണ്ട് ഉപഘടകങ്ങളുണ്ട്. അവയുടെ സംസ്ഥാന തല നോഡൽ ഏജൻസികളായി

(1) ജെ.എൻ.എൻ.യൂ.ആർ.എം. ഉപപദ്ധതിയായ നഗരപശ്ചാത്തല വികസനവും ഭരണവും (Urban Infrastructure Development and E-Governance)

(2) നഗര പ്രദേശത്തെ പാവപ്പെട്ടവർക്കുള്ള അടിസ്ഥാന സേവനങ്ങളുടെ (Basic Services for Urban Poor)

കേരളത്തിൽ തിരുവനന്തപുരത്തും കൊച്ചിയിലുമായി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No | Name of Project | Approved Cost | Central Share | State share | ULB share |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| **Thiruvananthapuram** | | | | | |
| 1 | Improvement of Water Supply scheme | 8716.00 | 6972.80 | 871.60 | 871.60 |
| 2 | Improvement of Sewerage scheme | 21541.00 | 17232.80 | 2154.10 | 2154.10 |
| 3 | Solid Waste Management scheme | 2456.00 | 1964.80 | 245.60 | 245.60 |
| 4 | Storm Water Drainage Project | 4039.00 | 3231.20 | 403.90 | 403.90 |
| 5 | Sewerage Phase - II | 12115.00 | 9692.00 | 1211.50 | 1211.50 |
| | ***Total – TVPM*** | ***48867.00*** | **39093.60** | ***4886.70*** | ***4886.7*** |
| **Kochi** | | | | | |
| 1 | Water Supply scheme | 20117.00 | 10058.50 | 6035.12 | 4023.38 |
| 2 | Sewerage scheme | 7841.00 | 3920.50 | 2352.32 | 1568.18 |
| 3 | Solid Waste Management scheme | 8812.00 | 4406.00 | 2643.60 | 1762.40 |
| 4 | Surface Water Drainage scheme | 978.00 | 489.00 | 293.40 | 195.60 |
| 5 | Traffic and Transportation-1 | 10964.00 | 5482.00 | 3289.20 | 2192.80 |
| 6 | E-Governance | 870.50 | 435.25 | 261.15 | 174.10 |
| 7 | Heritage | 2210.00 | 1105.00 | 663.00 | 442 |
| | ***Total – Kochi*** | ***51792.50*** | ***25896.27*** | ***15537.79*** | ***10358.46*** |
| | ***Grand Total*** | ***100659.50*** | ***64989.87*** | ***20424.49*** | ***15245.16*** |

കൂടാതെ ആധുനിക ബസ്സുകൾ വാങ്ങുന്നതിന് 12440 ലക്ഷം രൂപയ്ക്കുള്ള പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

ജെ.എൻ.എൻ.യൂ.ആർ.എം. പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരസഭ നിർമ്മിച്ച ബ്രഹ്മപുരം ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങി കഴിഞ്ഞു.

ജെ.എൻ.എൻ.യൂ.ആർ.എം. പദ്ധതിയുടെ ഭാഗമായി ഇക്കണോമിക് സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച് ആധുനിക ബസ്സുകൾ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ സർവ്വീസ് ആരംഭിച്ചു കഴിഞ്ഞു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (JnNURM) പദ്ധതികൾക്ക് 2011-12-ലെ ബഡ്ജറ്റിൽ 17560.00ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 4393.00 ലക്ഷം രൂപ സംസ്ഥാന വിഹിതവും 13167.00 ലക്ഷം രൂപ കേന്ദ്ര വിഹിതവുമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ജവഹർ ലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (JnNURM) പദ്ധതികൾക്ക് 2011-12-ലെ ബഡ്ജറ്റിൽ 17560.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 4393.00 ലക്ഷം രൂപ സംസ്ഥാന വിഹിതവും 13167.00 ലക്ഷം രൂപ കേന്ദ്ര വിഹിതവുമാണ്. 2011-12-ലെ ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (JnNURM) പ്രവർത്തനങ്ങൾക്ക് ഈ തുക പര്യാപ്തമാണ്.

2010-11 സാമ്പത്തിക വർഷം 2217-05-800-89 പ്ലാൻ എന്ന ശീർഷകത്തിൽ 223.59 കോടി രൂപ അനുവദിച്ചതിൽ **142.5908** കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## 5. തലസ്ഥാന മേഖലാ വികസന പദ്ധതി

തലസ്ഥാന നഗര വികസനത്തിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് 2002 - ൽ ആരംഭിച്ച തലസ്ഥാനമേഖലാ വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ കേരള അർബൻ ഡവലപ്പ്മെന്റ് പ്രോജക്ട് (കെ.യു.ഡി.പി.) മുഖേനയാണ് നടപ്പിലാക്കി വന്നിരുന്നത്. എന്നാൽ കെ.യു.ഡി.പി.യെ 2007 മാർച്ചിൽ കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി) യിൽ സംയോജിപ്പിച്ചതിനെ തുടർന്ന് തലസ്ഥാന മേഖലാ വികസന പദ്ധതി കെ.എസ്.യു.ഡി.പി.യിൻ കീഴിലാണ് നടപ്പിലാക്കി വരുന്നത്.

2002-2003 മുതൽ 2009-2010 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ തലസ്ഥാന മേഖലാ വികസന പദ്ധതിക്കായി **'2217-01-800-99-34 മറ്റ് ചെലവുകൾ'** എന്ന ശീർഷകത്തിൽ അനുവദിച്ച തുകയുടെയും ചെലവാക്കിയ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Year | Budget Estimate (Rs) | Existing/Modified Appropriation (Rs.) | Actual Expenditure (Rs.) | Amount Surrendered (Rs.) | Remarks |
|---|---|---|---|---|---|
| 2003-04 | 40,00,00,000 | 39,99,77,000 | 8,90,06,763 | 31,09,70,237 | Resumed vide G.O.(Rt) No.2526/04 /Fin. Dated 31.03.04 |
| 2004-05 | 50,00,50,000 | 49,86,90,000 | 39,53,36,500 | 10,33,53,500 | Resumed vide G.O.(Rt) No.2554/05 /Fin. Dated 31.03.05 |
| 2005-06 | 40,78,99,000 | 40,77,99,000 | 19,77,33,959 | 21,00,65,041 | Resumed vide G.O.(Rt) No.2802/06 /Fin. Dated 31.03.06 |

| | | | | | |
|---|---|---|---|---|---|
| 2006-07 | 27,98,60,000 | 27,98,60,000 | 27,98,60,000 | Nil | -- |
| 2007-08 | 51,41,64,000 | 51,41,64,000 | 51,30,37,514 | 11,26,486 | Resumed vide G.O.(Rt) No.3271/08 /Fin. Dated 31.03.08 |
| 2008-09 | 5,73,25,000 | 5,73,25,000 | 5,48,24,989 | 25,00,011 | Resumed vide G.O.(Rt) No.2744/09 /Fin. Dated 31.03.09 |
| 2009-10 | 78,68,5000 | 5,42,35,000 | 30,48,734 | 5,11,86,266 | Resumed vide G.O.(Rt) No.2926/10 /Fin. Dated 31.03.10 |
| 2010-11 | 10,24,86,000 | 6,14,92,000 | 10,24,00,000 | 86,000 | Resumption proposal submitted to Govt. |

തലസ്ഥാന മേഖലാ വികസന പദ്ധതി പ്രകാരം നിലവിൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ ഒരു ലഘുവിവരണം ചുവടെ ചേർക്കുന്നു.

***1. നഗര റോഡുകളുടെ വികസനം***

21.08.2003 ൽ കൂടിയ തലസ്ഥാന നഗര വികസന പദ്ധതിയുടെ മന്ത്രിസഭാ ഉപസമിതി യോഗം തിരുവനന്തപുരം നഗരത്തിലെ 12 പ്രധാനപ്പെട്ട റോഡുകൾ നിർമ്മിക്കുക – നടത്തുക – കൈമാറ്റം ചെയ്യുക എന്ന വ്യവസ്ഥയിൽ റോഡ് വികസന പദ്ധതികൾക്ക് അംഗീകാരം നൽകുകയുണ്ടായി. പ്രസ്തുത റോഡുകൾ താഴെപ്പറയുന്നവയാണ്.

1. ബേക്കറി – പാളയം – എയർപോർട്ട് റോഡ്
2. ഈഞ്ചക്കൽ – ശ്രീകണ്ഠേശ്വരം റോഡ്
3. പട്ടം – കവടിയാർ റോഡ്
4. മ്യൂസിയം – ആർ.ബി.ഐ. – തമ്പാന്നൂർ റോഡ്
5. വാൻറോസ് – സെക്രട്ടറിയേറ്റ് – ഊറ്റുകുഴി റോഡ്
6 ഈഞ്ചക്കൽ – അട്ടക്കുളങ്ങർ റോഡ്
7. എൽ.എം.എസ് – കവടിയാർ റോഡ്
8. പട്ടം – ഉളളൂർ – കൊച്ചുള്ളൂർ റോഡ്
9. പാറ്റൂർ – ചൂരക്കാട്ടുപാളയം റോഡ്
10. എൽ.എം.എസ് – അട്ടക്കുളങ്ങര റോഡ്
11. കവടിയാർ – പേരൂർക്കട – വഴയില റോഡ്
12. പൂന്തി റോഡ്

മേൽ കാണിച്ച റോഡ് വികസന പദ്ധതിയിൽ റോഡിന് ആവശ്യമായ സ്ഥലമെടുപ്പിനും, കെട്ടിട നഷ്ടപരിഹാരത്തിനും, പുനരധിവാസത്തിനും, LAR Case കളിൽ ബഹു.കോടതി വിധി പ്രാകാരം നഷ്ടപരിഹാരം നൽകുന്നതിലേക്കുമായി തിരുവനന്തപുരം നഗര വികസന പദ്ധതിയിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം നൽകിയിട്ടുള്ള 342 ലക്ഷം രൂപ ഉൾപ്പെടെ നാളിതുവരെ 8060 ലക്ഷം രൂപ തിരുവനന്തപുരം വികസന അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. മേൽ കാണിച്ചിട്ടുള്ള റോഡുകളുടെ വികസനത്തിനാവശ്യമായ സ്ഥലമെടുപ്പിന്റെ ഭൂരിഭാഗവും ഇതിനകം പൂർത്തിയായിട്ടുണ്ട്. എന്നാൽ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് LAR കേസുകൾ ഇപ്പോഴും നിലവിൽ ഉണ്ട്. ഇതിലേക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ട്രിഡ 25 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു.കോടതി വിധി പ്രകാരം കേസുകൾ തീർപ്പാക്കുന്നതനുസരിച്ച് അധികം തുക ഈ പദ്ധതിക്ക് ആവശ്യമാണ്.

2. ***തിരുവനന്തപുരം (ഹ്രസ്വകാല) കുടിവെള്ള പദ്ധതി***

നഗരപ്രദേശത്തെ ജലക്ഷാമമുള്ള സ്ഥലങ്ങളിൽ വേഗത്തിൽ കുടിവെള്ളം എത്തിക്കുവാൻ വിഭാവന ചെയ്തിരിക്കുന്ന ഈ പദ്ധതിക്കായി ഇതുവരെ 871.95 ലക്ഷം ചെലവാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 95% പണി ഇതിനകം പൂർത്തിയായിട്ടുണ്ട്. പണി ചെയ്ത കോൺട്രാക്ടർ M/s.Hydro Tech Engineers & Contractors Rs.1056.36 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള ഹൈക്കോടതിയിൽ ആർബിട്രേഷൻ റിക്വസ്റ്റ് ഫയൽ ചെയ്യുകയും അത് ബഹു.കോടതി അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം ആർബിട്രേഷൻ അവാർഡ് പുറപ്പെടുവിക്കുന്നതനുസരിച്ച് തുക ആവശ്യമായി വരുന്നതാണ്.

***3. കാലടി പ്രദേശത്തുള്ള ആധുനിക സിവറേജ് പദ്ധതി***

ഈ പദ്ധതിക്ക് 1455 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി തലസ്ഥാന നഗര വികസന പദ്ധതിയിൽ നിന്നും മാറ്റി ജെ.എൻ.എൻ.യു.ആർ.എം–ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ട്രിഡ മുഖേന ഏറ്റെടുത്ത് നൽക്കുന്നതിലേയ്ക്കായി 90 ലക്ഷം രൂപ തലസ്ഥാന മേഖല വികസന പദ്ധതിയിൽ നിന്നും അടുത്ത സാമ്പത്തിക വർഷം (2011–12) നൽകേണ്ടതായിട്ടുണ്ട്.

***4. തിരുവനന്തപുരം ബസ് ടെർമിനൽ വികസനവും ഈഞ്ചക്കലി പുതിയ ബസ് ടെർമിനൽ നിർമ്മിക്കലും***


കെ.എസ്.ആർ.ടി.സി.യും തലസ്ഥാന മേഖലാ വികസന പദ്ധതിയും ചേർന്ന് ഒരു Special Purpose Company രൂപീകരിച്ച് അതുവഴി ഈ പദ്ധതി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. ടി പദ്ധതിക്ക് ഈഞ്ചക്കലിൽ ബസ് ടെർമിനൽ നിർമ്മാണത്തിനാവശ്യമായ സ്ഥലംഏറ്റെടുക്കുന്നതിന് 475.93 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പ് ഇതിനകം പൂർത്തിയാക്കിയിട്ടുമുണ്ട്. Special Purpose Company രൂപീകരിച്ച് പദ്ധതി ആരംഭിക്കുന്നതിന് കാലതാമസം നേരിടേണ്ടിവരുന്നതിനാൽ ടി പദ്ധതി കെ.റ്റി.ഡി.എഫ്.സി മുഖേന BOT ആയി നടപ്പിലാക്കുന്നതിനും ടി ആവശ്യത്തിലേയ്ക്ക് വകകൊള്ളിച്ചിരുന്ന 682 ലക്ഷം രൂപ തലസ്ഥാന മേഖല വികസന പദ്ധതിയിൽ നിന്നും ഈഞ്ചയ്ക്കലിലുള്ള ബസ് ടെർമിനൽ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണത്തിന് കെ.എസ്.ആർ.ടി.സിക്ക് അനുവദിക്കുന്നതിന് ജി.ഒ(എം.എസ്)നമ്പർ.89/2010/ട്രാൻ, തീയതി: 22/12/2010 അനുസരിച്ച് ഉത്തരവായതിൻപ്രകാരം പ്രസ്തുത തുക ഇതിനകം കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതിയ്ക്കായി 2011–12 വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്താൻ നിർദ്ദേശിച്ചിരുന്ന 682 ലക്ഷം രൂപ ഇതിലേക്ക് ചെലവ് വരുന്നില്ല.

മുകളിൽ പറഞ്ഞിട്ടുള്ള പദ്ധതികളെല്ലാം തന്നെ സംസ്ഥാന പദ്ധതികളാണ്. ഇതിന് കേന്ദ്ര സഹായമില്ല.


**വിവരാവകാശ നിയമം 2005**

കേരള സുസ്ഥിര നഗര വികസന പദ്ധതിയെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഔദ്യോഗിക വെബ്സൈറ്റായ www.ksudp.org യിൽ ലഭ്യമാണ്. കൂടാതെ വിവരാവകാശ നിയമപ്രകാരം പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. ഇതിനായി ശ്രീ. എസ്.കെ.ജോതിയെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും ശ്രീമതി. എസ്.എസ്. അജിതയെ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും പദ്ധതി മാനേജ്മെന്റ് യൂണിറ്റിൽ നിയമിച്ചിട്ടുണ്ട്. ഇതിന്റെ അപ്പലേറ്റ് അതോറിറ്റി പ്രോജക്ട് ഡയറക്ടർ ശ്രീ. അജിത്കുമാർ.ഐ.എ.എസ്. ആണ്. മതിയായ ഫീസ് അടച്ച് വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുന്ന ഏതൊരാൾക്കും വിവരങ്ങൾ ലഭ്യമാണ്.

## പദ്ധതി മാനേജ്മെന്റ് യൂണിറ്റ്
## ഓഫീസ് ഘടന



# പദ്ധതി നിർവഹണ യുണിറ്റ് - ഓഫീസുകളുടെ ഘടന



# Contact Points

| | |
|---|---|
| **The Project Director**<br>**Project Management Unit**<br>Kerala Sustainable Urban Development Project,<br>Local Self Government Department,<br>Government of Kerala<br>5th Floor, Trans Towers,<br>Vazhuthacaud, Thiruvananthapuram – 14,<br>Phone: +91-471-2332858, Fax: +91-471-2332856<br>e-mail: pmuksudp@gmail.com,<br>pdksudp@gmail.com | **The Project Manager**<br>**Project Implementation Unit**<br>KSUDP, 4th Floor<br>Corporation Building<br>Corporation of Thiruvananthapuram<br>Thiruvananthapuram – 695 033<br>Phone: 0471 – 2331570<br>E.mail: piutvmksudp@gmail.com |
| **The Project Manager**<br>**Project Implementation Unit**<br>KSUDP, 2nd Floor<br>Corporation Building<br>Corporation of Kollam<br>Kollam – 1<br>Phone: 0474 – 2765523<br>E.mail: piuklmksudp@gmail.com | **The Project Manager**<br>**Project Implementation Unit**<br>KSUDP, Corporation of Thrissur<br>2nd Floor, Sakthan Arcade<br>Thrissur<br>Phone: 0487 – 2424864<br>E.mail: piutsrksudp@gmail.com |
| **The Project Manager**<br>**Project Implementation Unit**<br>KSUDP, Corporation Office<br>P.B. No. 1016<br>Ernakulam, Kochi-11<br>Phone: 0484 – 2350464<br>E.mail: piukchksudp@gmail.com | **The Project Manager**<br>**Project Implementation Unit**<br>KSUDP, 3rd Floor<br>Corporation Building<br>Corporation of Kozhikode<br>Kozhikode – 673 032<br>Phone: 0495 – 2366776<br>E.mail: piukzdksudp@gmail.com |